(എ) ചാരായനിരോധനം നടപ്പിലാക്കിയതിനുശേഷം അതിന്മേൽ സർക്കാർ രൂപീകരിച്ചിട്ടുള്ള സംസ്ഥാന-ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികൾ കൂടാറുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) ഈ യോഗങ്ങളിൽ ജില്ലാ കളക്ടർമാർ പങ്കെടുക്കാറുണ്ടോ;

(സി) ഏതെല്ലാം ജില്ലകളിൽ ഇത് കൃത്യമായി നടക്കുന്നുണ്ട്; യോഗം കൂടാത്ത ജില്ലകൾ ഉണ്ടോ;

(ഡി) നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയകക്ഷി പ്രതിനിധികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) കമ്മിറ്റികളിൽ ജില്ലാ പോലീസ് സൂപ്രണ്ടുമാർ പങ്കെടുക്കാറുണ്ടോ;

(എഫ്) ഈ കമ്മിറ്റികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ജി) പ്രതിനിധികൾക്ക് യാത്രാബത്ത നൽകുവാൻ നിയമം ഉണ്ടോ?

ഉത്തരം

(എ) കൂടാറുണ്ട്. ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് ഇതൊടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) ഉണ്ട്.

(സി) എല്ലാ ജില്ലകളിലും കമ്മിറ്റികൾ യോഗം ചേരുന്നുണ്ട്.

(ഡി)-(ജി) ഉണ്ട്.

31 (3357) മദ്യ ഗോഡൗണുകളിൽ നടന്ന റെയ്ഡുകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട, ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിലെ മദ്യമുതലാളിമാരുടെ ഗോഡൗണുകളിൽ റെയ്ഡ് നടത്തിയിരുന്നുവോ;

(ബി) എങ്കിൽ അവിടെനിന്നും എന്തെല്ലാം രേഖകൾ പിടിച്ചെടുക്കുകയുണ്ടായി;

(സി) പിടിച്ചെടുത്ത രേഖകളിൽ രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതാക്കന്മാർ, മദ്യമുതലാളിമാരിൽനിന്നും പണം പറ്റിയതായുള്ള വിവരങ്ങൾ ഉണ്ടായിരുന്നുവോ; എങ്കിൽ ആരെല്ലാം എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഗോഡൗണുകളിൽനിന്നും അനധികൃത മദ്യം പിടിച്ചെടുക്കുകയുണ്ടായോ; അനധികൃതമദ്യം സൂക്ഷിച്ചതിന്റെ പേരിൽ മദ്യമുതലാളിമാർക്കെതിരായി ക്രിമിനൽ കേസുകൾ എടുത്തിട്ടുണ്ടെങ്കിൽ ആർക്കൊക്കെ എതിരായിട്ടാണ് എടുത്തത്;

(ഇ) പിടച്ചെടുക്കപ്പെട്ട മദ്യം പരിശോധനയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗോഡൗണുകളിൽ പോലീസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

32 (3358) മാമല എക്സൈസ് ഓഫീസ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാമല എക്സൈസ് ഓഫീസ് കോമ്പൗണ്ടിൽ എത്ര വർഷം പഴക്കംചെന്ന വാഹനങ്ങൾ വരെ കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കേസ് തീർന്നിട്ടും ലേലം ചെയ്യാതെ കിടക്കുന്ന എത്ര വാഹനങ്ങൾ ഇവിടെ ഉണ്ട്;

(സി) ഇവ കോമ്പൗണ്ടിൽ നിന്നും ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1993, 1994, 1997, 1998, 1999 എന്നീ വർഷങ്ങളിൽ പിടിച്ചെടുത്ത യഥാക്രമം 4, 1, 4, 10, 10 വാഹനങ്ങൾ മാമല എക്സൈസ് ഓഫീസ് കോമ്പൗണ്ടിൽ കിടക്കുന്നുണ്ട്.

(ബി) പാലക്കാട് ഡിവിഷനിലെ കെ.എൽ. 7-5394 എന്ന ലോറി കേസ് തീർന്നിട്ടും ലേലം കൊള്ളാൻ ആളില്ലാതെ ഇപ്പോഴും കിടക്കുന്നുണ്ട്.

(സി) കേസ് തീരുന്ന മുറയ്ക്ക് വാഹനങ്ങൾ ലേലം ചെയ്ത് കോമ്പൗണ്ടിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

33 (3359) ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപ വായ്പാത്തോത്

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപ വായ്പാത്തോത് 1998-99 വർഷത്തിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് മുൻവർഷങ്ങളുമായി താരതമ്യം ചെയ്താൽ എന്തെങ്കിലും മാറ്റം ഉള്ളതായി മനസ്സിലാക്കാൻ സാധിക്കുമോ;

(സി) വായ്പ തിരിച്ചടയ്ക്കുന്നതിന്റെ കാര്യത്തിൽ മറ്റേതൊരു സംസ്ഥാനത്തേക്കാളും മുൻപന്തിയിൽ കേരളത്തിലെ ഉപഭോക്താക്കൾ നിൽക്കുമ്പോൾ വായ്പ അനുവദിക്കുന്ന കാര്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകൾ വിവേചനപരമായ നയം സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ കാര്യത്തിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly